(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിന് കീഴിലുള്ള വിവിധ വിഭാഗം ഉപഭോക്താക്കളുടെ 2014-15-ലെ ഉപഭോഗം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം - II ആയി കൊടുത്തിരിക്കുന്നു.*

സമ്പൂർണ്ണ വൈദ്യുതീകരണം

45(2033) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമെന്ന പദവിയിലെത്തിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എന്നത്തേക്ക് ഈ ലക്ഷ്യം കൈവരിക്കാൻ കഴിയും ; വിശദാംശങ്ങൾ നൽകുമോ ;

(ബി) വൈദ്യുതി കണക്ഷനുവേണ്ടി എത്ര അപേക്ഷകളാണ് നിലവിൽ ബോഡിന് ലഭിച്ചിട്ടുള്ളത് ; ഈ അപേക്ഷകർക്കെല്ലാം എന്നത്തേക്ക് കണക്ഷൻ നൽകാൻ കഴിയും ; അപേക്ഷകരുടെ എണ്ണം ജില്ല തിരിച്ചു വ്യക്തമാക്കുമോ ;

(സി) ഇതിൽ സൗജന്യ വൈദ്യുതി കണക്ഷന് അർഹതയുള്ള അപേക്ഷകരുടെ എണ്ണം എത്രയാണ് ;

(ഡി) ഈ അപേക്ഷകർക്കെല്ലാം വൈദ്യുതി നൽകാൻ എത്ര ദശലക്ഷം യൂണിറ്റ് വൈദ്യുതി അധികമായി വേണ്ടിവരും ; ഈ വൈദ്യുതി എങ്ങനെ ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി, ദീൻദയാൽ ഉപാധ്യായ ഗ്രാമയോജന പദ്ധതി, സംസ്ഥാന സർക്കാരിന്റെയും പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെയും ഫണ്ട് എന്നിവയിലൂടെയാണ് സമ്പൂർണ്ണ വൈദ്യുതീകരണം സംസ്ഥാനത്ത് പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളത്. ആർ.ജി.ജി.വി.വൈ. പദ്ധതിയനുസരിച്ച് 57356 പുതിയ കണക്ഷനുകളാണ് നൽകാൻ ലക്ഷ്യമിട്ടിരുന്നതെങ്കിലും 92175 പുതിയ കണക്ഷനുകൾ നൽകിക്കഴിഞ്ഞു. ഇപ്പോൾ പുതുതായി നിലവിൽവന്ന ദീൻദയാൽ ഉപാധ്യായ ഗ്രാമജ്യോതി യോജന പദ്ധതി പ്രകാരം നിർദ്ധനർക്ക് ഏകദേശം ഒരുലക്ഷം കണക്ഷനുകളും നൽകാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ടി പദ്ധതി പ്രകാരം, പദ്ധതി നടത്തിപ്പ് ടേൺ കീ അടിസ്ഥാനത്തിലാണെങ്കിൽ പൂർത്തീകരണ കാലാവധി 24 മാസവും കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്വയം നടത്തുകയാണെങ്കിൽ ടി കാലാവധി 30 മാസവുമായി നിഷ്കർഷിച്ചിരിക്കുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1-7-2015-ലെ കണക്കുകൾ പ്രകാരം 1381 കണക്ഷനുകൾ നൽകാനുണ്ട്. ഒബ്ലിക്ഷൻ ഇല്ലാത്തവ 15 ദിവസങ്ങൾക്കകം നൽകാൻ കഴിയുന്നതാണ്. അപേക്ഷകരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

ജില്ല തിരിച്ചുള്ള പെൻഡിംഗ് സർവ്വീസ് കണക്ഷനുകൾ

ക്രമ നമ്പർ	ജില്ല	പെൻഡിംഗ്സർവ്വീസ് കണക്ഷനുകൾ
1	തിരുവനന്തപുരം	15
2	കൊല്ലം	...
3	പത്തനംതിട്ട	12
4	കോട്ടയം	...
5	ആലപ്പുഴ	...
6	എറണാകുളം	43
7	ഇടുക്കി	835
8	തൃശ്ശൂർ	5
9	കാസർഗോഡ്	...
10	കണ്ണൂർ	32
11	വയനാട്	...
12	കോഴിക്കോട്	85
13	മലപ്പുറം	174
14	പാലക്കാട്	180
	ആകെ	1381

(സി) 443 അപേക്ഷകർ സൗജന്യ വൈദ്യുതി കണക്ഷന് അർഹതയുള്ളവരാണ്.

(ഡി) പ്രതിമാസം ഏകദേശം 80,000 യൂണിറ്റ് വൈദ്യുതി അധികമായി വേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ലഭ്യതക്കുറവുമൂലം അപേക്ഷിച്ചവർക്ക് വൈദ്യുതി ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യം ഇപ്പോൾ നിലവിലില്ല. ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി, സെൻട്രൽ ജനറേറ്റിംഗ് സ്റ്റേഷനുകളിൽനിന്നും വാങ്ങുന്ന വൈദ്യുതി, കേരളത്തിലെതന്നെ സ്വകാര്യ സംരംഭകരിൽനിന്നും വാങ്ങുന്ന വൈദ്യുതി, ഹ്രസ്വകാല-മധ്യകാല-ദീർഘകാല കരാറുകാരിൽനിന്നും വാങ്ങുന്ന വൈദ്യുതി തുടങ്ങിയവയാണ് പ്രധാനമായും സംസ്ഥാനത്തെ വൈദ്യുത ആവശ്യകത നിറവേറ്റാൻ വിനിയോഗിക്കുന്നത്. ഇവയ്ക്ക് പുറമേ പ്രതിദിന ആവശ്യകതയനുസരിച്ച് പവർ എക്സ്ചേഞ്ച് മുഖേന അധിക വൈദ്യുതി വാങ്ങിയാണ് ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരം നികത്തിക്കൊണ്ടിരിക്കുന്നത്.

ഭാവിയിലെ വർദ്ധിച്ചുവരുന്ന ആവശ്യകത നിറവേറ്റാൻ ഹ്രസ്വകാല-മധ്യകാല-ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾവഴി വൈദ്യുതി വാങ്ങുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. കൂടാതെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

അപേക്ഷിച്ചവർക്ക് കണക്ഷൻ നൽകുന്നമുറയ്ക്ക് അധികമായി വേണ്ടിവരുന്ന വൈദ്യുതി മേൽപ്പറഞ്ഞ പ്രകാരം ലഭ്യമാക്കുന്നതാണ്.

സൺഷിഫ്റ്റ് പദ്ധതി

46(2034) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. റ്റി ജോർജ് : താഴെ ക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിന്റെ സൺഷിഫ്റ്റ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) സൗരോർജ്ജത്തിൽനിന്ന് വൈദ്യുതി ഉൽപാദനം പ്രോൽസാഹിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?